10

# ക്രിസ്ത്യാനികളും പരിശുദ്ധാത്മാവും

*"ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും, ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല. കീഴ്പ്പെടുവാൻ കഴിയുന്നതുമില്ല" (റോമർ 8:5-7).*

പരിശുദ്ധാത്മാവ് വസിക്കുന്നതിനെ കുറിച്ച് നാം പഠിച്ചുകഴിഞ്ഞു. ഇനി. ക്രിസ്ത്യാനികളിൽ പരിശുദ്ധാത്മാവിന്റെ മറ്റു വശങ്ങളെ കുറിച്ചു നമുക്ക് ചിന്തിക്കാം. ഇന്ന് ക്രിസ്ത്യാനികളിൽ പരിശുദ്ധാത്മാവ് സജീവമായി പ്രവർത്തിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ, അവൻ എന്താണ് ചെയ്യുക?

**ഒരു ആത്മിയ കലവറ നൽകുന്നു**

ആദ്യം, പരിശുദ്ധാത്മാവാണ് ആന്തരിക ആത്മികനവീകരണത്തിന്റെ ഉറവിടം. യോഹന്നാൻ 7:38, 39 പറയുന്നു, "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്തു പറയുന്നതുപോലെ, 'ജീവജലത്തിന്റെ നദികൾ ഒഴുകും.' ഇതു അവൻ ആത്മാവിനെ കുറിച്ചായിരുന്നു പറഞ്ഞത്." പുറമെ നിന്നു നിറക്കാവുന്ന ഒരു വെള്ളത്തൊട്ടിയിൽനിന്നു വ്യത്യസ്തമായി, ഒരു അരുവി തുടർച്ചയായി ഒഴുകുവാൻ കാണം, അതിനുള്ളിൽ നിന്നു ഒരു ഉറവ പുറപ്പെടുന്നതുകൊണ്ടാണ്. ആത്മാവ് ഇതെങ്ങനെ ചെയ്യുമെന്ന് യേശു പറഞ്ഞില്ല, അവൻ അങ്ങനെ ചെയ്യുമെന്നു മാത്രം പറഞ്ഞു. അതെങ്ങനെ എന്ന് ഊഹിക്കേണ്ട ആവശ്യമില്ല, ആത്മാവിന്റെ സഹായത്താൽ ക്രിസ്ത്യാനികളുടെ ഉള്ളിൽനിന്ന് ഒരു ആത്മിയ ഉറവ ആത്മാവ് മുഖാന്തരം ലഭിക്കുമെന്ന് നാം വിശ്വാസത്താൽ സ്വീകരിക്കണം. തീർച്ചയായും ദൈവവചനം തള്ളിക്കളകയോ അല്ലെങ്കിൽ ദൈവേഷ്ടത്തിനു വിരുദ്ധമായി ജീവിക്കുന്നവരുടെ ജീവിതത്തിൽ "ജീവജലനദി" ഒഴുകുമെന്ന് പ്രതീക്ഷിക്കേണ്ട.

**പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽനിന്നു നമ്മെ സ്വതന്ത്രമാക്കുന്നു**

റോമർ 8:2, 3-ൽ നാം വായിക്കുന്നു, "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു." ഒരു കൂട്ടം ചട്ടങ്ങളാകുന്ന മോശെയുടെ ന്യായപ്രമാണം കല്ലിൽ അക്ഷരമായി കൊത്തിയതായിരുന്നു, അക്ഷരം കൊല്ലുന്നു (2 കൊരിന്ത്യർ 3:6). പലപ്പോഴും, ദൈവജനം ന്യായപ്രമാണത്തെ

കല്ലിലുള്ള എഴുത്തായി മാത്രം കണ്ടു, അല്ലാതെ അവർ ഉള്ളുകൊണ്ടു ദൈവത്തെ പിൻപറ്റിയില്ല (റോമർ 2:27-29). "അക്ഷരത്തിന്റെ പഴക്കത്തിൽ നടക്കേണ്ടതിനല്ല, ആത്മാവിന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ്" നാം ന്യായപ്രമാണത്തിൽനിന്ന് സ്വതന്ത്രരായത് (റോമർ 7:6). നാം ആത്മാവോടു കൂടി സഹകരിച്ചാൽ, നമ്മുടെ ഹൃദയങ്ങൾക്ക് പരിഛേദന നടത്തുവാൻ അവൻ നമ്മെ സഹായിക്കും. നമ്മിലുള്ള പാപേച്ഛ നീങ്ങപ്പെടുമ്പോൾ നാം പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽനിന്ന് സ്വതന്ത്രരാകുന്നു (റോമർ 8:2).

ആത്മാവുമായി നാം സഹകരിക്കുവാൻ ശീലിക്കുന്നത് ദൈവവചനത്തിന്റെ അടിസ്ഥാനത്തിലാണ് (2 തിമൊഥെയൊസ് 3:16, 17). ലോകത്തെ അതിജീവിക്കുന്നതിന് അവൻ നമ്മെ ശക്തീകരിക്കുകയും (എഫെസ്യർ 3:16; 1 യോഹന്നാൻ 4:4) വചനത്തെ ഉറപ്പിക്കുവാൻ സഹായിക്കുകയും ചെയ്യും - എന്നാൽ അത് നാം വേണ്ട പരിശ്രമം നടത്തിയാൽ മാത്രമാണ് (2 കൊരിന്ത്യർ 7:1).

## നമ്മെ നയിക്കുന്നു

മൂന്നാമതായി ആത്മാവ് ക്രിസ്ത്യാനികളെ നയിക്കുന്നു: "ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (റോമർ 8:14). നാം ''ആത്മാവിനാൽ നയിക്കപ്പെടുമോ? എന്നല്ല,'' "ആത്മാവ് നമ്മെ എങ്ങനെ നയിക്കുന്നു? എന്നതാണ്." ക്രിസ്ത്യാനികളായ നമുക്ക് ആത്മിയ വിശ്വാസം വരുന്നതു വചനത്താലാണ് (1 പത്രൊസ് 1:23). അവന്റെ കല്പനകൾ നമ്മെ പഠിപ്പിച്ചില്ലെങ്കിൽ നമുക്ക് എങ്ങനെ യേശുവിനെ അനുസരിക്കണമെന്ന് അറിയുകയില്ല (മത്തായി 28:20).

യേശുവിന്റെ വചനം അപ്പൊസ്തലന്മാർക്കും (യോഹന്നാൻ 14:26), പ്രവാചകന്മാർക്കും ഭരമേല്പിച്ചു (എഫെസ്യർ 3:3-5). ആ വചനത്തെ പിൻപറ്റുന്നവരെ ആത്മാവ് നയിക്കുന്നു, പക്ഷെ മനുഷ്യരുടെ ഉപദേശങ്ങൾ അനുസരിക്കുന്നവരെ മനുഷ്യരാണ് നയിക്കുന്നത്. നാം ആത്മാവിനാൽ നയിക്കപ്പെടണമെങ്കിൽ, "നാം ആത്മാവിനെ അനുസരിച്ച് നടക്കണം" (ഗലാത്യർ 5:16, 25). അതായത്, നാം സത്യത്തെ അനുസരിച്ച് നടക്കണം (2 യോഹന്നാൻ 4; 3 യോഹന്നാൻ 3, 4), അത് ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 16:13). ആത്മാവിനെയാണ് നാം അനുസരിച്ച് നടക്കുന്നതെങ്കിൽ, നാം ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല (ഗലാത്യർ 5:18), കൃപയിൻ കീഴിലത്രെ (റോമർ 6:14). കൃപയിൻകീഴിൽ നിലനില്ക്കണമെങ്കിൽ, ആത്മാവ് വെളിപ്പെടുത്തിയിരിക്കുന്ന ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ വേണം (ഗലാത്യർ 5:22, 23), ജഡത്തിന്റെ ഇഷ്ടപ്രകാരം നടക്കുകയുമരുത് (ഗലാത്യർ 5:19, 21). ഈ ഗുണങ്ങൾ നാം ജഡത്തിലല്ല, ആത്മാവിൽ വിതെക്കുന്നതുകൊണ്ടാണുണ്ടാകുന്നത്, അല്ലാതെ ആത്മാവ് നമ്മിൽ ഇടുകയില്ല (ഗലാത്യർ 6:8).

## നാം ദൈവമക്കളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു

അടുത്തതു നാം വായിക്കുന്നു, "നാം ദൈവത്തിന്റെ മക്കളെന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു" (റോമർ 8:16). എന്താണ് ആത്മാവിന്റെ സാക്ഷ്യം? എന്താണ് നമ്മുടെ ആത്മാവിന്റെ സാക്ഷ്യം?

ആത്മാവ് നമ്മുടെ ആത്മാക്കളോട് സംസാരിക്കുന്നതുപോലെ സാക്ഷ്യം പറയുന്നു എന്നല്ല പൗലൊസ് പറഞ്ഞത്, പിന്നെയൊ, ആത്മാവിന്റെ അതേ സാക്ഷ്യത്തോട് നമ്മുടെ ആത്മാക്കൾ യോജിക്കുന്നു: നാം ദൈവമക്കൾ ആണ് എന്ന്.

നമ്മിലുള്ള ആത്മവിശ്വാസമാണ് നമ്മുടെ സാക്ഷ്യം (1 യോഹന്നാൻ 5:10), എന്നാൽ പരിശുദ്ധാത്മാവിന്റെ സാക്ഷ്യം എന്താണ്? പരിശുദ്ധാത്മാവിന്റെ സാക്ഷ്യം അവൻ വെളിപ്പെടുത്തിയ സന്ദേശത്തിലുണ്ട് (എബ്രായർ 10:15). യോഹന്നാൻ അവനെകുറിച്ച് പറഞ്ഞുകൊണ്ട് അവൻ യെശുവിനെ സാക്ഷീകരിച്ചു (യോഹന്നാൻ 1:15). അതുപോലെ, ആത്മാവ് വെളിപ്പെടുത്തിയ സത്യവചനം മുഖാന്തരം യേശുവിനെ സാക്ഷ്യപ്പെടുത്തുന്നു (യോഹന്നാൻ 15:26, 27; 1 യോഹന്നാൻ 5:7). ജീവന്റെ ഉറവിടമാണ് യേശുവിന്റെ വാക്കുകൾ (യോഹന്നാൻ 6:63; 12:49, 50). ആത്മാവ് വെളിപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ഉപദേശപ്രകാരം നാം ദൈവമക്കളായി ജീവന്റെ പുതുക്കത്തിൽ നടക്കുന്നു എന്ന് ഉറപ്പിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ സാക്ഷ്യത്തോട് നമ്മുടെ ആത്മാക്കൾ യോജിക്കുന്നു.

ദൈവത്തിന്റെ സത്യവചനപ്രകാരം വീണ്ടും ജനിച്ചവരെ ആത്മാവ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (1 പത്രൊസ് 1:22, 23) - അത് യേശുവിലുള്ള വിശ്വാസത്താൽ സ്നാനമേറ്റ് - ദൈവമക്കളായി തീർന്നവരെയാണ് (ഗലാത്യർ 3:26, 27), ജീവന്റെ പുതുക്കത്തിൽ നടക്കുന്നവരെയുമാണ് (റോമർ 6:4). നാം ഇതൊക്കെയും ചെയ്തു പുതുജീവൻ പ്രാപിച്ചിട്ടുണ്ടെങ്കിൽ, നാം ദൈവത്തിൽനിന്നു ജനിച്ചവരാണ് (1 യോഹന്നാൻ 2:29), അപ്പോൾ, നാം ദൈവമക്കളാണെന്ന് സാക്ഷ്യപ്പെടുത്തുകയും, നമ്മുടെ സാക്ഷ്യം ആത്മാവിന്റെ സാക്ഷ്യത്തോടു യോജിക്കയും ചെയ്യുന്നു. അങ്ങനെ, നാം ദൈവമക്കളാണെന്ന് നമുക്ക് ഉറപ്പിക്കാം (1 യോഹന്നാൻ 5:10). ഒരാൾ തിരുവെഴുത്തിനോട് പ്രതികരിച്ചില്ലെങ്കിൽ, മറ്റേതെങ്കിലും വിധത്തിലാണ് ദൈവപൈതലായതെന്ന് സാക്ഷ്യപ്പെടുത്തിയാൽ, അത് ആത്മാവിന്റെ സാക്ഷ്യത്തോട് യോജിക്കുന്നതാകയില്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ, അയാളുടെ രക്ഷയെകുറിച്ച് കള്ളസാക്ഷ്യം നടത്തുകയായിരിക്കും. ആത്മാവ് നൽകിയ അതേ സാക്ഷ്യത്തോട് നമ്മുടെ ആത്മാക്കൾ യോജിക്കുമ്പോഴാണ് നമ്മുടെ സാക്ഷ്യം സത്യമാകുന്നത്. ആ രണ്ടു സാക്ഷ്യങ്ങളും യോജിച്ചാൽ മാത്രമാണ് നാം ദൈവമക്കളാകുന്നത്.

### നമ്മുടെ പ്രാർത്ഥനകളിൽ സഹായിക്കുന്നു

ആത്മാവ് പ്രാർത്ഥനകളിലും നമ്മെ സഹായിക്കുന്നു, റോമർ 8:26, 27 പറയുന്നു:

> അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതകൾക്ക് തുണനിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലൊ. ആത്മാവ് തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു; എന്നാൽ ആത്മാവ് വിശുദ്ധന്മാർക്ക് വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട്, ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.

“നമുക്ക് ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനമുള്ള” യേശുക്രിസ്തുവിന്റെ പ്രവർത്തനത്തോട് ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത് (എഫെസ്യർ 2:18). ഒരുപക്ഷെ ഇതായിരിക്കണം “ആത്മാവിൽ പ്രാർത്ഥിക്കുന്നത്” (എഫെസ്യർ 6:18; യൂദാ 20 നോക്കുക).

ആത്മാവ് പ്രാർത്ഥനയിൽ ഞരങ്ങുവാൻ കാരണമാകുന്നില്ല. മറിച്ച് ദൈവവുമായി നമുക്ക് ആശയവിനിമയം നടത്തുന്ന കാര്യത്തിൽ നമ്മെ സഹായിക്കുകയാണ് ചെയ്യുന്നത്. വാക്കുകളിൽ പ്രതിഫലിപ്പിക്കുവാൻ പറ്റാത്ത നമ്മുടെ അഗാധമായ ആവശ്യങ്ങൾ, പിതാവിന് മനസിലാകുന്ന വിധത്തിൽ മാറ്റി കൊടുക്കുന്നു. ബാർക്ക്‌ലേ എം.ന്യുമാനും യൂജീൻ എ.നിഡയും എഴുതി, “... ആത്മാവ് പിതാവിനോട് അടുത്തു തന്നെ നില്ക്കുന്നതുകൊണ്ട് പ്രകടിപ്പിക്കുന്ന വാക്കുകൾ ആശയവിനിമയത്തിന് ആവശ്യമില്ല.”[1]

നമ്മുടെ പ്രാർത്ഥനയുടെ മുഖ്യ ഉദ്ദേശം മനസിലാക്കി അവൻ പിതാവിലെത്തിക്കുന്നു. ഒരർത്ഥത്തിൽ അവൻ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. അവൻ നമ്മുടെ ആശയവിനിമയം പിതാവിന് അറിയുമാറാക്കുന്നു. എങ്ങനെയായാലും, നമുക്ക് വേണ്ടി മദ്ധ്യസ്ഥത നടത്തുന്നത് യേശുവാണ് (1 തിമൊഥെയൊസ് 2:5), അവൻ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നവനുമാണ് (റോമർ 8:34). അവൻ സന്ദേശം എത്തിക്കുക മാത്രമല്ല, നമുക്ക് വേണ്ടി അപേക്ഷിക്കയും ചെയ്യും (എബ്രായർ 7:25).

അന്യഭാഷയിൽ സംസാരിക്കുന്നതിനെ കുറിച്ചല്ല ഈ വേദഭാഗം പറയുന്നത്. “ഫ്രാൻസ്. ജെ ലീൻ ഹാണ്ട് നിരീക്ഷിച്ചിരിക്കുന്നു, ഈ വേദഭാഗം എല്ലാ ക്രിസ്ത്യാനികളെയും ഉദ്ദേശിച്ചുള്ളതാണ്, എന്നാൽ അന്യഭാഷ എല്ലാവർക്കും ലഭിക്കാത്തതും, അത് ചിലർക്ക് മാത്രമുണ്ടായിരുന്നതുമായ പ്രത്യേക വരമായിരുന്നു.”[2]

## ക്രിസ്തുവിൽ നമ്മെ മുദ്രയിടുന്നു

വീണ്ടെടുപ്പിൻ നാളിന്നായി ആത്മാവ് നമ്മെ ക്രിസ്തുവിൽ മുദ്രയിടുന്നു എന്നാണ് എഫെസ്യർ 1:13 പറയുന്നത് (എഫെസ്യർ 4:30) “അച്ചാരമായി” നമ്മുടെ ഹൃദയങ്ങളിലേക്ക് അയക്കുകയും ചെയ്തിരിക്കുന്നു (2 കൊരിന്ത്യർ 1:22; 5:5).

നാം സ്നാനമേൽക്കുമ്പോൾ, നമുക്ക് ആത്മാവ് ലഭിക്കുന്നു (പ്രവൃത്തികൾ 2:38) കാരണം നാം യേശുവിനെ അനുസരിച്ചിരിക്കുന്നു (പ്രവൃത്തികൾ 5:32). ആത്മാവിന്റെ സാന്നിധ്യം അറിയുവാൻ നമുക്ക് “വികാരം” നൽകുമെന്ന് ഈ രണ്ട് വേദഭാഗങ്ങളിലോ മറ്റു പുതിയനിയമ വേദഭാഗങ്ങളിലോ പറഞ്ഞിട്ടില്ല. യോഹന്നാന്റെ പ്രസ്താവന പ്രത്യേകതയുള്ളതാണ്: “അവന്റെ കല്പനകൾ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്ക് തന്ന ആത്മാവിനാൽ നാം അറിയുന്നു” (1 യോഹന്നാൻ 3:24). എഴുതപ്പെട്ട വചനത്താലാണോ അതോ മറ്റു രീതിയിലാണോ ആത്മാവ് നമ്മിലുള്ളത് എങ്ങനെ നാം അറിയുന്നു എന്ന് ആ വാക്യം പറയുന്നില്ല. അതുകൊണ്ട് ആത്മാവ് നമ്മിൽ വസിക്കുന്നത് *എങ്ങനെ* നാം അറിയുന്നു എന്ന് തെളിയിക്കുവാൻ ആ വാക്യം ഉപയോഗിക്കാവുന്നതല്ല.

ദൈവമക്കളാകുവാനുള്ള യേശുവിന്റെ വാക്കുകളോട് നാം പ്രതികരിച്ചിട്ടുണ്ടെങ്കിൽ (ഗലാത്യർ 3:26, 27), ആത്മാവ് നമ്മിൽ തന്നിരിക്കും (ഗലാത്യർ

4:6). ദൈവം നമ്മിൽ വസിക്കും എന്ന ബൈബിൾ സത്യത്തെ നമുക്ക് വിശ്വാസത്താൽ സ്വീകരിക്കാം (എഫെസ്യർ 3:17). നമ്മിൽ ഓരോരുത്തരിലും വസിക്കുവാനായി, നാം കണ്ടിട്ടില്ലെങ്കിൽ പോലും, മനുഷ്യാത്മാവിനെ ദൈവം നമ്മിൽ തന്നിട്ടുണ്ട് എന്ന സത്യം ദൈവവചനാടിസ്ഥാനത്തിലുള്ള വിശ്വാസത്താൽ നാം സ്വീകരിക്കുന്നു (സെഖര്യാവ് 12:1). അതുപോലെ, പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നുവെന്ന് നാം വിശ്വസിക്കണം.

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നത് അനുഭവത്താലോ, അല്ലെങ്കിൽ വികാരത്താലോ അറിയുകയായിരുന്നെങ്കിൽ, പരിശുദ്ധാത്മാവ് അവരിൽ വസിക്കുന്നതായി പൗലൊസ് കൊരിന്ത്യർക്ക് എഴുതി അറിയിക്കയില്ലായിരുന്നു (1 കൊരിന്ത്യർ 6:19). പകരം, അവർക്ക് ആത്മാവുണ്ടെന്ന് അനുഭവത്തിന്റെ വെളിച്ചത്തിലും വികാരത്താലും അറിഞ്ഞു എന്ന് എഴുതുമായിരു ന്നു.

ക്രിസ്ത്യാനികളായ നമുക്ക് ആത്മാവുണ്ടെന്ന് ദൈവവചനത്താൽ നമുക്ക് ഉറപ്പിക്കാം, നാം അവനാൽ മുദ്രയിടപ്പെടുകയും, വീണ്ടെടുപ്പിൻ നാളിനായി അവനെ നമുക്ക് അച്ചാരമായി തരുകയും ചെയ്തിരിക്കുന്നു.

### നമ്മുടെ ജീവിതത്തിൽ ഫലം കായ്ക്കുന്നു

ക്രിസ്ത്യാനികൾ ആത്മാവിന്റെ ഫലങ്ങൾ എന്ന ഗുണങ്ങൾ ആത്മാവിന്റെ ഉപദേശത്താൽ വളർത്തിയെടുക്കുന്നു: "... സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ..." (ഗലാത്യർ 5:22, 23; കൂടാതെ റോമർ 8:23). ജഡിക ഇഛകൾ നാം ഉപേക്ഷിക്കുക മാത്രമല്ല, (ഗലാത്യർ 5:24; എഫെസ്യർ 4:22; കൊലൊസ്യർ 3:8), നാം ആത്മാവിന്റെ ഫലങ്ങളായി പറഞ്ഞിരിക്കുന്ന ഗുണങ്ങൾ നമ്മിൽ വളർത്തിയെടുക്കണം (എഫെസ്യർ 4:23, 24; കൊലൊസ്യർ 3:10–14). ആത്മിയ ഗുണങ്ങൾ നേടിയെടുക്കുവാൻ നമ്മോട് കല്പിച്ചിരിക്കയാൽ, അതു വളർത്തിയെടുക്കേണ്ടതു നമ്മുടെ ഉത്തരവാദിത്വമാണ്:

| | |
|---|---|
| സ്നേഹം | യോഹന്നാൻ 13:34; കൊലൊസ്യർ 3:14 |
| സന്തോഷം | ഫിലിപ്പിയർ 4:4; 1 തെസലൊനിക്യർ 5:16 |
| സമാധാനം | ഫിലിപ്പിയർ 4:6, 7; എബ്രായർ 12:14 |
| ദീർഘക്ഷമ | 2 കൊരിന്ത്യർ 6:6; എഫെസ്യർ 4:2 |
| ദയ | കൊലൊസ്യർ 3:12; 2 പത്രൊസ് 1:7 |
| പരോപകാരം | എഫെസ്യർ 5:9; 2 തെസലൊനിക്യർ 1:11 |
| വിശ്വസ്തത | വെളിപ്പാട് 2:10 |
| സൗമ്യത | 1 തിമൊഥെയൊസ് 6:11; തിത്തൊസ് 3:2 |
| ഇന്ദ്രിയ–ജയം | 2 പത്രൊസ് 1:6 |

ആത്മാവിന്റെ ഫലങ്ങൾ അത്ഭുതകരമായി നല്കുന്നു എന്നല്ല പൗലൊസ് പറഞ്ഞത്. മറിച്ച് ആത്മിയ ഗൂണങ്ങൾ നാം "വളർത്തിയെടുക്കണം" എന്നാണ് അവൻ പറഞ്ഞത് (കൊലൊസ്യർ 3:12).

### നമ്മുടെ ഐക്യതക്കു വേണ്ട അടിസ്ഥാനം നൽകുന്നു

യേശുവിന്റെ അനുയായികളായിരിക്കുന്ന നാം. "ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ" (എഫെസ്യർ 4:3).

ആത്മാവ് ഒന്ന് (എഫെസ്യപർ 4:4), അവൻ സത്യം വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 16:13), അത് ഒരു ഉപദേശരൂപമായി നമ്മിൽ ഏകവിശ്വാസം ജനിപ്പിക്കുന്നു (എഫെസ്യർ 4:5). വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനായി നാം പോരാടേണം (യൂദാ 3), പിന്നെ, ആത്മാവ് സാധ്യമാക്കിയ ഐക്യത കാപ്പാൻ നാം ശ്രമിക്കയും വേണം. ശരിയായ ഐക്യത അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ശരിയായ മനോഭാവത്തിലും (എഫെസ്യർ 4:1–3) ശരിയായ ഘടനയിലുമാണ് (എഫെസ്യർ 4:4–6).

നാം യേശുവിനെ പോലെ വളരുന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ ഐക്യത (എഫെസ്യർ 4:13). നാം എത്രത്തോളം യേശുവിനെ പോലെ ആയി തീരുമോ അതനുസരിച്ചായിരിക്കും നമ്മുടെ ആത്മാവിന്റെ ഐക്യത. നാം യേശുവിങ്കലേക്ക് ആകർഷിക്കപ്പെടുകയും (യോഹന്നാൻ 12:32), ഏക ഇടയനായി അവനെ അനുഗമിക്കയും (യോഹന്നാൻ 10:11, 14) ചെയ്തു നമുക്ക് ഒന്നാകാം. യേശുവിൽനിന്ന് നമ്മെ അകറ്റുന്ന ഇടയന്മാരെ നാം അനുഗമിച്ചാൽ, നാം വിഭജിക്കപ്പെട്ട് ഛിന്നഭിന്നമായിപോകും (പ്രവൃത്തികൾ 20:29, 30). ആത്മാവന്റെ പ്രവൃത്തിയിൽ ആശ്രയിച്ചുകൊണ്ടുമാത്രമെ നമുക്ക് യേശു ആഗ്രഹിക്കുന്ന ഐക്യത കൈവരിക്കുവാൻ കഴിയു (യോഹന്നാൻ 17:20–23).

## ആത്മിയ യുദ്ധത്തിനു വേണ്ട ആയുധം നമുക്ക് തരുന്നു

എഫെസ്യർ 6:11 പറയുന്നത് ക്രിസ്ത്യാനികൾ "പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽക്കേണ്ടതിന്ന് ദൈവത്തിന്റെ സർവ്വായുധവർഗം ധരിക്കേണം എന്നാണ്." ആ സർവ്വായുധവർഗത്തിന്റെ ഭാഗമായി, നമുക്ക് ദൈവവചനം എന്ന ആത്മാവിന്റെ വാളുണ്ട് (എഫെസ്യർ 6:17). പ്രതിരോധിക്കുവാനും ആക്രമിക്കുവാനും ആത്മാവിന്റെ വാളുപയോഗിക്കാം. പ്രതിരോധരീതിയിൽ വചനം ഉപയോഗിക്കുന്നതിനെ കുറിച്ച് ദാവീദ് എഴുതിയിട്ടുണ്ട്, "ഞാൻ പാപം ചെയ്യാതിരിക്കേണ്ടതിന്നു, നിന്റെ വചനം എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു" (സങ്കീർത്തനങ്ങൾ 119:11). വചനത്തെ ആക്രമണരീതിയിൽ ഉപയോഗിക്കുന്നതാണ് ശക്തമായ സുവിശേഷം വ്യാപിപ്പിക്കുന്നത് (പ്രവൃത്തികൾ 8:4).

ആത്മാവിന്റെ വാൾ ശത്രുവിനെ, പിശാചിനെ പരാജയപ്പെടുത്തുവാൻ നാം ഉപയോഗിക്കണം. പാപത്തിനെതിരെയുള്ള നമ്മുടെ പോരാട്ടത്തിന് ആവശ്യമായ ആയുധം നൽകിക്കൊണ്ടാണ് ആത്മാവ് നമ്മെ സഹായിക്കുന്നത്. നാം നമ്മുടെ ആയുധം ഉപയോഗിക്കുമ്പോൾ നമ്മുടെ ഉള്ളിൽ അവൻ നമുക്ക് ശക്തി പകരുകയാണ് (എഫെസ്യർ 3:16; 1 യോഹന്നാൻ 4:4).

## നമ്മുടെ ആരാധനയിലും ശുശ്രൂഷയിലും നമ്മെ നയിക്കുന്നു

നാം "ആത്മാവിൽ" നമസ്ക്കരിക്കണം (ഫിലിപ്പിയർ 3:3). ഈ വേദഭാഗത്ത് *ലാട്രിയോ* തർജിമ ചെയ്തിരിക്കയാണ്, മറ്റുള്ള സ്ഥലങ്ങളിൽ പതിനാറു പ്രാവശ്യം ''ശുശ്രൂഷിക്കുക'' എന്ന അർത്ഥവും ''നമസ്ക്കാരം'' എന്നതു മൂന്നു പ്രാവശ്യവുമുണ്ട്. നമ്മുടെ ശുശ്രൂഷ ആത്മാവ് നൽകുന്ന വിസ്തൃതിയിലായിരിക്കണം. കർത്താവിൽ നമ്മുടെ പ്രയത്നം വ്യർത്ഥമല്ലാ

ത്തതുപോലെ (1 കൊരിന്ത്യർ 15:58), ആത്മാവിലുള്ള നമ്മുടെ ശുശ്രൂഷയും ദൈവത്തിന് വിലയുള്ളതാണ്.

നാം ദൈവത്തിങ്കലെത്തുന്നതിന് ഉപയോഗിച്ചിരിക്കുന്ന വ്യത്യസ്ത വാക്കാണ്, *പ്രോസ്കുനേയോ* ("നമസ്ക്കാരം" എന്നു തർജിമ ചെയ്തിരിക്കുന്നു) (യോഹന്നാൻ 4:23, 24). യേശുവിൽനിന്നാരംഭിച്ച സത്യത്തോടുകൂടെ നമ്മുടെ ആത്മാവിൽ നിന്നു പുറപ്പെടുന്നതായിരിക്കണം നമസ്ക്കാരം (യോഹന്നാൻ 1:14, 17; 14:6) ആത്മാവിനാൽ സത്യം വെളിപ്പെടുത്തിയിരിക്കയാണ് (യോഹന്നാൻ 16:13). ആത്മാവിൽ കാണുന്ന വിശുദ്ധിക്കൊത്തവണ്ണമായിരിക്കണം നമ്മുടെ ശുശ്രൂഷ.

## നമ്മെ വിശുദ്ധീകരിക്കുന്നു

നാം ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു (2 തെസലൊനിക്യർ 2:13; 1 പത്രൊസ് 1:2). സത്യവചനം നമ്മിൽ തരുന്നതുമുഖാന്തരമാണ് ആ അനുഗ്രഹം നമ്മിലേക്ക് വരുന്നത്, വചനവും നമ്മെ ശുദ്ധീകരിക്കുന്നു അല്ലെങ്കിൽ ദൈവത്തിന്റെ ഉദ്ദേശത്തിനായി വേർതിരിക്കുന്നു (യോഹന്നാൻ 17:17).[3]

ക്രിസ്ത്യാനികളായ നാം, ലോകത്തിന്റെ പാപസംബന്ധമായ ലക്ഷ്യം വെച്ചുകൊണ്ടിരിക്കാതെ രൂപാന്തരപ്പെടണം (റോമർ 12:1, 2), അതു യേശുവിന്റെ രൂപത്തോടായിരിക്കണം (2 കൊരിന്ത്യർ 3:17, 18). ആ വിശുദ്ധി നമ്മിൽ വളർത്തുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം (2 കൊരിന്ത്യർ 7:1). ആത്മാവ് വെളിപ്പെടുത്തിയ വചനത്താൽ നയിക്കപ്പെടുമ്പോൾ, നാം വിശുദ്ധീകരിക്കപ്പെടുന്നു, നാം ദുഷ്ടലോകത്തിൽനിന്നു വേർതിരിക്കപ്പെടുന്നു, കാരണം നാം ആത്മാവിന്റെ ഫലങ്ങൾ വളർത്തിയെടുക്കുന്നു.

തറ തുടക്കുവാനും ജനൽ വൃത്തിയാക്കുവാനും പാത്രങ്ങൾ ഉണക്കുവാനും തുണി ഉപയോഗിക്കുന്നു. എങ്ങനെയായാലും, ഒരു രാജ്യത്തിന്റെ ചിഹ്നം ആലേഖനം ചെയ്തിരിക്കുന്ന തുണി അത്തരം സാധാരണ കാര്യങ്ങൾക്ക് ഉപയോഗിക്കാറില്ല; അത് ഒരു രാജ്യത്തെ പ്രതിനിധീകരിക്കുന്ന ഒരു ഉയർന്ന കാര്യത്തിനായി സമർപ്പിക്കപ്പെട്ടതാണ്. മറ്റു തുണികളിൽ നിന്ന് ഒരു ദേശിയപതാക വ്യത്യസ്തമാക്കുന്നതുപോലെ, ക്രിസ്ത്യാനികൾ ലോകത്തുള്ള മറ്റാളുകളിൽനിന്നു വ്യത്യസ്തരാകുന്നു. അവർ ആത്മാവിന്റെ പ്രവൃത്തിയാൽ ദൈവത്തിന്റെ ഉയർന്ന സേവനത്തിനായി സമർപ്പിക്കപ്പെട്ടവരും വിശുദ്ധീകരിക്കപ്പെട്ടവരുമാണ്. നാം നമ്മെ ഒരിക്കലും ലൗകിക കാര്യങ്ങൾക്കായി സമർപ്പിക്കരുത്. ആത്മാവ് വെച്ചിരിക്കുന്ന നിലവാരത്തിൽ യേശുവിനെ സേവിക്കേണ്ടതിന്ന് നാം ദൈവഭക്തിയുള്ളവരായി നമ്മെ സൂക്ഷിക്കണം.

## ഉപസംഹാരം

ക്രിസ്ത്യാനികളായ നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. വെളിപ്പെടുത്തലാലും, നയിക്കുന്നതിനാലും, ശക്തീകരിക്കുന്നതിനാലും മറ്റും ആത്മാവ് നമ്മെ അനുഗ്രഹിക്കുന്നുണ്ട്. നാം അവൻ ഭരമേല്പിച്ചിരിക്കുന്ന സത്യത്തെ അനുഗമിക്കുമ്പോൾ, ആത്മാവ് തന്റെ പ്രവൃത്തിയിലൂടെ നമ്മെ അനുഗ്രഹിക്കുന്നു. നാം എല്ലാറ്റിനും ആത്മാവിനോട് കടപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ പുതിയ ജീവിതം തുടങ്ങുന്നതിനും തുടരുന്നതിനും ആത്മാവ് സകലവും സാധ്യമാക്കിയിരിക്കുന്നു.

ആത്മാവിന്റെ വലിയ പ്രവൃത്തിയെ ആശ്രയിച്ചാണ് നാം സ്വർഗത്തിൽ പ്രവേശിച്ച് പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുംകൂടെ നാം നിത്യജീവിതം നയിക്കുന്നത്.

---

കുറിപ്പുകൾ

[1]ബാർക്ക്‌ലേ എം. ന്യൂമാൻ ആന്റ് യൂജിൻ എ.നിഡാ, *എ ട്രാൻസ്ലേറ്റേഴ്സ് ഹാൻഡ് ബുക്ക്ഓൺ പോൾസ് ലെറ്റർ ടു ദ റോമൻസ്* (ലണ്ടൻ: യുനൈറ്റഡ് ബൈബിൾ സ്വസൈറ്റി, 1973), 164. [2]എവറെറ്റ് എഫ്. ഹാരിസൺ, "റോമൻസ്" *ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമെന്ററി*, വാല്യം. 10, റോമൻസ് – ഗലേഷ്യൻസ്. ജെന. എഡി. ഫ്രാങ്ക് ഇ. ഗെബെലോയിൽ (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: സോണ്ടർവാൻ, 1976), 96. [3]ഹാഗിയാസോ എന്നതിന്റെ മൂല ക്രിയാ രൂപം, "സാങ്ങ്റ്റിഫൈ" (*ഹാഗയോസ്* എന്നതിന്റെ കോഗ്നേറ്റ് രൂപം അല്ലെങ്കിൽ "ഹോളി" അല്ലെങ്കിൽ "സെയിന്റ്" എന്നതും നാമരൂപമായ *ഹാഗിയസ്മോസ്*, "സാങ്റ്റിഫിക്കേഷൻ" എന്നുമാണ്), അർത്ഥം "ടു സെറ്റ് അപ്പാർട്ട്" അല്ലെങ്കിൽ "ഡെഡിക്കേറ്റ്" ഫോർ എ സ്പെഷൽ പർപ്പസ്.